**പതിമൂന്നാം കേരള നിയമസഭ**
**പതിനാലാം സമ്മേളനം**
**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 1708**
**06.07.2015 ലെ മറുപടിയ്ക്ക്**
**<u>പങ്കാളിത്ത പെൻഷൻ പദ്ധതി</u>**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.എ.കെ.ബാലൻ | ശ്രീ.ഉമ്മൻചാണ്ടി<br>(ബഹു. കേരള മുഖ്യമന്ത്രി) |

| | |
|---|---|
| (എ) ദേശീയ പെൻഷൻ പദ്ധതി (എൻ.പി.എസ്, നടപ്പാക്കുന്നതുമായി ബന്ധപ്പെട്ട് മുഖ്യമന്ത്രി സർവ്വീസ് സംഘടനകളുടെ യോഗം വിളിച്ച് ചർച്ച നടത്തിയിട്ടുണ്ടോ; എങ്കിൽ ആയതിന്റെ തീരുമാനങ്ങൾ വ്യക്തമാക്കുമോ? | 1) ഉണ്ട്. പ്രസ്തുത യോഗത്തിൽ ചുവടെപ്പറയുന്ന തീരുമാനങ്ങൾ എടുത്തിട്ടുണ്ട്.(പ്രസ്തുത മീറ്റിംഗിന്റെ മിനിട്സ് ഇതോടൊപ്പം ഉള്ളടക്കം ചെയ്തിരിക്കുന്നു)<br>(i) എൻ.പി.എസ് ൽ അംഗമായ ജീവനക്കാരൻ സർവ്വീസിനിടയിൽ മരണപ്പെട്ടാൽ പ്രസ്തുത കുടുംബത്തിന് ആശ്രിത നിയമനം ലഭിക്കുന്നതു വരെ ടിയാൾ അവസാനം വാങ്ങിയ ശമ്പളം അനുവദിക്കും.<br>(ii) പി.എഫ് സംവിധാനം നിലനിർത്തുന്നത് പരിഗണിക്കും.<br>(iii) പി.എഫ്.ആർ.ഡി.എ ബിൽ വരുമ്പോൾ ജീവനക്കാർക്കുണ്ടാകുന്ന ആശങ്കകൾ കേന്ദ്ര ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെടുത്തും.<br>(iv) പി.എഫ്.ആർ.ഡി.എ ബിൽ നിയമമാകുമ്പോൾ ഒരു assured return scheme ഉണ്ടാവുന്നതാണ്.<br>(v)NPS പെൻഷൻ ഫണ്ട് നിക്ഷേപിക്കുന്ന സംവിധാനത്തിൽ ഗവൺമെൻറ് സെക്യൂരിറ്റികളിൽ കേരളാ ഗവൺമെൻറ് ട്രഷറി കൂടി ഉൾപ്പെടുത്തുവാൻ പി.എഫ്.ആർ.ഡി.എയ്ക്ക് എഴുതും.<br>(vi) 2013 മാർച്ച് 31 വരെ സർവ്വീസിൽ ചേരുന്ന ജീവനക്കാർക്ക് നിലവിലുള്ള സ്റ്റാറ്റ്യൂട്ടറി പെൻഷൻ തുടരും എന്ന് വ്യക്തമാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നതാണ്. |

| | |
|---|---|
| (ബി) പദ്ധതി ഉദ്യോഗസ്ഥർക്ക് ഗുണകരമായ രീതിയിൽ നടപ്പാക്കുമെന്ന് സർവ്വീസ് സംഘടനകൾക്ക് ഉറപ്പ് നൽകിയിട്ടുണ്ടോ; എങ്കിൽ എപ്രകാരമാണ് കേരളത്തിൽ പദ്ധതി നടപ്പാക്കുന്നതെന്ന് വ്യക്തമാക്കുമോ; | ദേശീയ പെൻഷൻ പദ്ധതിയിലെ ജീവനക്കാരുടെ ശമ്പളത്തിൽ നിന്നും അടിസ്ഥാന ശമ്പളത്തിന്റെയും ക്ഷമാബത്തയുടേയും തുകയുടെ 10% പെൻഷൻ വിഹിതമായി കുറവ് ചെയ്ത് തത്തുല്യ സർക്കാർ വിഹിതത്തോടൊപ്പം പി.എഫ്.ആർ.ഡി.എ-യുടെ വ്യവസ്ഥകൾക്കനുസരിച്ച് എസ്.ബി.ഐ പെൻഷൻ ഫണ്ട് പ്രൈവറ്റ് ലിമിറ്റഡ്.യു.റ്റി.ഐ റിട്ടയർമെന്റ് സൊല്യൂഷൻസ് ലിമിറ്റഡ്, എൽ.ഐ.സി പെൻഷൻ ഫണ്ട് ലിമിറ്റഡ് എന്നീ പെൻഷൻ ഫണ്ട് മാനേജർമാർ മുഖേന 14.08.2008 തീയതിയിലെ ഗവൺമെൻറ് ഓഫ് ഇന്ത്യയുടെ എഫ്.നം.5(88)/2006-പി.ആർ. എന്ന നോട്ടിഫിക്കേഷനിൽ നിർദ്ദേശിച്ചിട്ടുള്ള വിഭാഗങ്ങളിൽ നിക്ഷേപിക്കുകയും അതിൽ നിന്നുള്ള ഇൻവെസ്റ്റ്മെൻറ് റിട്ടേണിന്റെ അടിസ്ഥാനത്തിൽ പി.എഫ്.ആർ.ഡി.എ വ്യവസ്ഥകൾക്കനുസരിച്ച് പെൻഷൻ വിതരണം നടത്തുകയുമാണ് ചെയ്യുന്നത്. |
| (സി) എൻ.പി.എസിൽ ചേരുന്നവർക്ക് കേരളത്തിൽ ജി.പി.എഫ് അനുവദിച്ചിട്ടുണ്ടോ; എങ്കിൽ ഇത് സംബന്ധിച്ച് പുറപ്പെടുവിച്ച ഉത്തരവിന്റെ കോപ്പി ലഭ്യമാക്കുമോ; | ഉണ്ട്. എൻ.പി.എസിൽ ചേരുന്നവർക്ക് ജി.പി.എഫ് ൽ തുടരാൻ അനുവദിച്ചു കൊണ്ട് സർക്കാർ ജി.ഒ(പി) 81/2014/Fin തീയതി 24/02/2014 പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.<br>(പകർപ്പ് ഉള്ളടക്കം ചെയ്യുന്നു). |
| (ഡി) എൻ.പി.എസ് ലേക്ക് സംസ്ഥാന സർക്കാർ വിഹിതം അടച്ചു തുടങ്ങിയിട്ടുണ്ടോ; എങ്കിൽ എന്ന് മുതലാണ് അടച്ചു തുടങ്ങിയത്; എത്ര ജീവനക്കാർക്കാണ് സർക്കാർ ഇപ്പോൾ വിഹിതം അടയ്ക്കുന്നത്; | ഉണ്ട്. 2014 ഫെബ്രുവരി മാസത്തിലെ ശമ്പളം മുതലാണ് സർക്കാർ വിഹിതം അടച്ചു തുടങ്ങിയത്. 01/06/2015 ൽ ലഭ്യമായ 4/2015 ലെ ശമ്പള ബില്ലുകളിലെ കണക്കനുസരിച്ച് നിലവിൽ 19,306 ജീവനക്കാർക്കാണ് സർക്കാർ ഇപ്പോൾ വിഹിതം അടയ്ക്കുന്നത്. |
| (ഇ) എത്ര തുക ഇതു വരെ സംസ്ഥാന സർക്കാർ പെൻഷൻ ഫണ്ടിലേക്ക് അടച്ചിട്ടുണ്ട്; പ്രസ്തുത പണം കേരളത്തിൽ അടക്കുന്നത്<br><br>ഏത് ഫണ്ട് ഏജൻസി വഴിയാണെന്നും വ്യക്തമാക്കുമോ? | 30/04/2015 വരെയുള്ള കണക്ക് അനുസരിച്ച് പ്രസ്തുത പദ്ധതി പ്രകാരം ജീവനക്കാരിൽ നിന്ന് 25.96 കോടി രൂപയും മാച്ചിംഗ് ഫണ്ടായി സർക്കാർ 25.96 കോടി രൂപയും പെൻഷൻ ഫണ്ടിലേക്ക് അടച്ചിട്ടുണ്ട്. ദേശീയ പെൻഷൻ പദ്ധതിയിലെ ഫണ്ട് നിക്ഷേപവുമായി ബന്ധപ്പെട്ട് കേന്ദ്ര സർക്കാർ പുറപ്പെടുവിച്ചിട്ടുള്ള മാർഗ്ഗ നിർദ്ദേശങ്ങൾ അനുസരിച്ചും 14.08.2008 ലെ കേന്ദ്രസർക്കാരിലെ 5(88) 2006-പി.ആർ എന്ന നോട്ടിഫിക്കേഷൻ പ്രകാരവും എസ്.ബി.ഐ പെൻഷൻ ഫണ്ട് പ്രൈവറ്റ് ലിമിറ്റഡ്,യു.ടി..ഐ റിട്ടയർമെന്റ് |

| | |
|---|---|
| | സൊല്യൂഷൻസ് ലിമിറ്റഡ്, എൽ.ഐ.സി പെൻഷൻ ഫണ്ട് ലിമിറ്റഡ് എന്നീ ഫണ്ട് മാനേജർമാർ മുഖേന ഗവൺമെൻറ് സെക്യൂരിറ്റികൾ. ടേം ഡെപ്പോസിറ്റുകൾ,റുപ്പിബോണ്ടുകൾ,മണിമാർക്കറ്റ് ഇൻസ്ട്രുമെൻറുകൾ, കമ്പനിഷെയറുകൾ എന്നീ വിഭാഗങ്ങളിലാണ് പ്രസ്തുത ഫണ്ട് നിക്ഷേപിച്ചു വരുന്നത്. |

**സെക്ഷൻ ഓഫീസർ**

173 185 189

(5) സമരത്തിൽ പങ്കെടുത്തു എന്ന കാരണം കൊണ്ട് ശിക്ഷണ നടപടികൾ സ്വീകരിച്ചിട്ടുണ്ടെങ്കിൽ അത് അനുഭാവപൂർവ്വം പുനഃപരിശോധിക്കുന്നതാണ്. ഓരോ കേസ്സും അതാതിന്റെ മെരിറ്റിൽ പരിശോധിക്കുന്നതാണ്.

15/1/13

15/1/13

Section Officer

15/1/13.

**GOVERNMENT OF KERALA**
**Abstract**

Pension - Implementation of National Pension System - Applicability of General Provident Fund Rules to the employees under National Pension System - Clarification -Orders issued.

**FINANCE (PENSION-A) DEPARTMENT**

**G.O. (P) No. 81/2014/Fin. Dated, Thiruvananthapuram 24.02.2014.**

Read: 1. G.O. (P) No. 20/2013/Fin dated 07.01.2013.

2. G.O. (P) No. 208/2013/Fin dated 07.05.2013.

3. Minutes of the meeting held on 01.01.2013 by the Hon'ble Chief Minister with service organization representatives.

4. Lr. No. FMI/1-5/2013-14/000228 dated 14.06.2013 from the Accountant General (A&E) Kerala, Thiruvananthapuram.

**ORDER**

As per the Government Order read as 1st & 2nd above National Pension System (NPS) has been implemented in the State for all appointments made on or after 01.04.2013. This Scheme would apply to all employees to whom Part III Kerala Service Rules would have been applicable otherwise and to Public Sector Undertakings where pensionary benefits as per Part III Kerala Service Rules are granted. Now, as per the letter read above, the Accountant General (A&E) has sought clarification as to whether the General Provident Fund

All Additional Chief Secretaries/ Principal Secretaries/ Secretaries/ Special Secretaries/Additional Secretaries/Joint Secretaries/Deputy Secretaries/Under Secretaries to Government

The Secretary to Governor, Raj Bhavan, Thiruvnanthapuram

The Private Secretary to the Speaker/Deputy Speaker of the Kerala Legislative Assembly

The Secretary, Kerala State Human Rights Commission, Thiruvananthapuram

The Secretary, Kerala State Women's Commission, Thiruvananthapuram

The Private Secretaries to the Chief Minister and other Ministers

The Private Secretary to the Leader of Opposition

The General Administration (SC) Department (Vide item No. 4938 )

The Finance (PF) Department.

The State Election Commissioner, Kerala, Thiruvananthapuram

The Chief Information Commissioner, Kerala, Thiruvananthapuram

All District Treasury Officers/Sub Treasury Officers

The Director, Information and Public Relations, Thiruvananthapuram

The Nodal Officer, www.finance.kerala.gov.in for publishing on the website.

Stock File/Office Copy

Forwarded By Order

Section Officer